**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6464** **10-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ അനുവദിച്ച പഠനമുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം നാളിതുവരെ നാദാപുരം മണ്ഡലത്തിൽ എത്ര പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ വന്നശേഷം നാളിതുവരെ നാദാപുരം മണ്ഡലത്തിൽ അനുവദിച്ച പഠനമുറികളുടെ വിവരം ഗ്രാമപഞ്ചായത്തുകൾ തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>ക്രമ നം. / പഞ്ചായത്ത് / അനുവദിച്ച പഠനമുറികളുടെ എണ്ണം<br>1 / നരിപ്പറ്റ / 2<br>2 / എടച്ചേരി / 1<br>3 / മരുതോങ്കര / 5<br>4 / കാവിലുംപാറ / 2<br>5 / കായക്കൊടി / 1<br>6 / വളയം / 2<br>7 / വാണിമേൽ / 4<br> / ആകെ / 17 |
| (ബി) | നാദാപുരം മണ്ഡലത്തിൽ ഇതുവരെ അനുവദിച്ച എല്ലാ പഠനമുറികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 15 പേർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) | പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>അർഹതാ മാനദണ്ഡങ്ങൾ</u>**<br><br>1. കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെ .<br><br>2. എല്ലാ സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ, കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ. |

| | | | |
|---|---|---|---|
| | | | 3. 800 സ്ക്വയർ ഫീറ്റ് വരെ മാത്രം വിസ്തീർണ്ണമുള്ള വീടുകൾ.<br><br>4. വകുപ്പിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിക്കാത്തവർ.<br><br>**<u>മുൻഗണന മാനദണ്ഡങ്ങൾ</u>**<br><br>1. വീടിന്റെ വിസ്തീർണ്ണം ഏറ്റവും കുറവുള്ള കുടുംബം.<br><br>2. ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥികളായുള്ള കുടുംബം.<br><br>3. വിധവ കുടുംബനാഥയായ കുടുംബം.<br><br>4. കിടപ്പുരോഗികൾ/മാരകരോഗികൾ ഉള്ള കുടുംബം.<br><br>5. ഒന്നിലധികം വിദ്യാർത്ഥികൾ ഉള്ള കുടുംബം.<br><br>മുതിർന്ന ക്ലാസ്സുകാർക്ക് മുൻഗണന നൽകേണ്ടതാണ് . മാനദണ്ഡങ്ങൾ ഒരുപോലെ വരുന്ന സാഹചര്യത്തിൽ കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ